ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടി നഹ) : സർ, അദ്ദേഹം പറഞ്ഞ റോഡിന്റെ കാര്യം, 1977-ൽ അനുമതി നല്കി പ്രവർത്തനം തുടങ്ങിയതാണ്. അതിന്റെ ലോവസ്റ്റ് ടെൻഡർ വിളിച്ച തുകയ്ക്ക് ഇട്ടിട്ടുപോയി. പിന്നെ 82-ാം ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ 1985-ൽ രണ്ടാമതു 28 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി വേറെയൊരു ടെൻഡർ വിളിച്ചു. ആ ടെൻഡർകാരൻ 68% നു മുകളിലുള്ള ടെൻഡറിനു് ആണ് ടെൻഡർ വിളിച്ചെടുത്തത്. അതിന്റെ പ്രവർത്തനം തുടങ്ങി. കഴിഞ്ഞ 10 മാസക്കാലമായി പണി വളരെ സ്ലോ ആയിട്ടാണ് പോകുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും അതിന്റെ പണി ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശം നല്കി കഴിഞ്ഞിട്ടുണ്ട്.

4. മൂവാറ്റുപുഴ മുനിസിപ്പൽ ബസ്സ്റ്റാൻറിൽ ബസ്സുകൾ കയറാത്തതിന്റെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

ശ്രീ. വി. വി. ജോസഫ് : 1972-ൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ഉള്ള ബസ്സ്റ്റാൻറിൽ മറ്റു സ്ഥലങ്ങളിൽനിന്നും വരുന്ന ബസ്സുകൾ പോകാതെ ടൗണിന്റെ മദ്ധ്യത്തിൽ ആളുകളെ ഇറക്കി തിരിച്ചു പോകുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബസ് യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയാണ് ഈ സ്റ്റാൻറ് നിർമ്മിച്ചത്. ആദ്യകാലങ്ങളിൽ എല്ലാ ബസ്സുകളും അവിടെ പോകുമായിരുന്നു. എങ്കിലും പിന്നീട് പല ബസ്സുകളും അവിടെ പോകാതായി. പല പ്രാവശ്യം രാഷ്ട്രീയ പാർട്ടികൾ സമരം നടത്തി. കുറച്ചു മാസം ശക്തിയായ ജനരോഷമുണ്ടായപ്പോൾ ബസ്സുകൾ കുറഞ്ഞു. സ്റ്റാൻറിൽ ഒരു ബസ് ഗാരേജില്ലാത്തതുകൊണ്ടാണ് അവിടെ ഈ അനിഷ്ടസംഭവമുണ്ടായത്. മൂവാറ്റുപുഴയിലും മറ്റൊരു തങ്കമണി ആവർത്തിക്കുവാനിടയാക്കരുത്. അതുകൊണ്ട് ബസ്സുകൾ മുനിസിപ്പൽ സ്റ്റാൻറിലൂടെ പോകുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ മൂവാറ്റുപുഴയിലെ മുനിസിപ്പൽ ബസ്സ്റ്റാൻറിലേക്കു സ്വകാര്യ ബസ്സുകൾ കടന്ന് സർവ്വീസ് നടത്തി പോകണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

5. അഗളി ഗവൺമെൻറ് ഹൈസ്ക്കൂളിലെ വിദ്യാർത്ഥിനിയെ ബലാൽസംഗം ചെയ്ത സംഭവം

ശ്രീ. പി കുമാരൻ : സർ, അഗളി ഗവൺമെൻറ് ഹൈസ്ക്കൂളിലെ 15 വയസ്സായ ഒരു ആദിവാസി വിദ്യാർത്ഥിനി താവളത്ത് ബസ്സിറങ്ങി കരുവര ഊരിലേക്ക് പോകുന്ന വഴിയിൽ വച്ച് നാലുപേർ ചേർന്ന് ബലാൽസംഗത്തിനിരയാക്കിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിച്ച് അവരുടെ പേരിൽ കർശനമായ നടപടിയെടുക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കുട്ടിയുടെ നിലവിളി കേട്ട് നാട്ടുകാർ ഓടിക്കൂടിയെങ്കിലും ഒരു പ്രതിയെ പിടിച്ച് പോലീസിലും കുട്ടിയെ ഗവൺമെൻറ് ആശുപത്രിയിലും ഹാജരാക്കി. ആ സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly